# ഇൻഫോ പാർക്കിൽ ഇളനീർ പന്തൽ



കാക്കനാട് ഇൻഫോ പാർക്കിൽ ആരംഭിച്ച ഇളനീർ പന്തൽ കേന്ദ്ര കൃഷിമന്ത്രാലയത്തിലെ അഡീഷണൽ കമ്മീഷണർ (ഹോർട്ടികൾച്ചർ) ഓംപ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

കൊച്ചി: നാളികേര വികസന ബോർഡ് കാക്കനാട് ഇൻഫോ പാർക്കിൽ ആരംഭിച്ച ഇളനീർ പന്തൽ കേന്ദ്ര കൃഷിമന്ത്രാലയത്തിലെ അഡീഷണൽ കമ്മീഷണർ (ഹോർട്ടികൾച്ചർ) ഓം പ്രകാശ് ഉദ്ഘാടനം ചെയ്തു.

ചീഫ് കോക്കനട്ട് ഡവലപ്മെന്റ് ഓഫീസർ എം. തോമസ് മാത്യു, ഇൻഫോ പാർക്ക് സി.ഇ.ഒ. ജിജോ ജോസഫ്, നാളികേര ബോർഡ് സെക്രട്ടറി അനൂപ് കുമാർ നന്ദി, ഇൻഫോ പാർക്ക് അഡ്മിനിസ്ട്രേറ്റീവ് മാനേജർ റെജി കെ. തോമസ്, ഇൻഫോ പാർക്ക് സീനിയർ ടെക്നിക്കൽ അഡ്വൈസർ കെ. കുര്യൻ എന്നിവർ പങ്കെടുത്തു.

കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി ഇളനീർ പന്തലിൽ അതിഥിയായെത്തി. ചെത്തിയൊരുക്കിയ കരിക്ക് സുതാര്യമായ കാരി ബാഗുകളിലാക്കി ഓഫീസുകളിൽ ആവശ്യമനുസരിച്ച് വിതരണം ചെയ്യാൻ പദ്ധതിയുണ്ട്.

പാലക്കാട് മുതലമടയിലെ പപ്പൻചള്ള കേരോത്പാദക സംഘമാണ് ഇൻഫോ പാർക്കിൽ ഇളനീർ വിൽക്കുന്നത്. പഞ്ചിംഗ് മെഷീൻ ഉപയോഗിച്ച് കരിക്ക് തുളച്ചാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്.

വടക്കഞ്ചേരി ഗ്രീൻ ആർമിയിലെ സ്ത്രീ തൊഴിലാളികളാണ് നേതൃത്വം നൽകുന്നത്.

ഇൻഫോ പാർക്കിലെ ഇക്സ്പ്രസ്‌വേയിലാണ് പാർലർ സ്ഥാപിച്ചിരിക്കുന്നത്. രാവിലെ ഒൻപത് മുതൽ വൈകിട്ട് ആറുവരെ തുറന്നുപ്രവർത്തിക്കും.